₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 9
Issue 2

August 2020

pages 24

"രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും ഉച്ചയ്ക്കു നശിപ്പിക്കുന്ന സംഹാരത്തെയും നിനക്കു പേടിപ്പാനില്ല. നിന്റെ വശത്തു ആയിരം പേരും നിന്റെ വലത്തുവശത്തു പതിനായിരം പേരും വീഴും. എങ്കിലും അത് നിന്നോടു അടുത്തുവരികയില്ല" (സങ്കീർത്തനങ്ങൾ 91:5-7)

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 9   Issue 2   August 2020   pages 24   Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mampárampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക്
വരിസംഖ്യയോ
സംഭാവനയോ
Sebastian M.V.
എന്ന പേരിൽ ക്രോസ്സ്ഡ്
ചെക്ക് ആയി അയയ്ക്കാം.
ദയവായി മണിഓർഡർ
(MO) അയയ്ക്കരുത്.

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 104**

## ഉള്ളടക്കം

പേജ്


- **പുരുഷന്മാരെക്കുറിച്ചുള്ള...** 3
- **പ്രതികരണങ്ങൾ** 6
- **മഹാഭാഗ്യം** (24) 8
- **പുതിയനിയമത്തിലൂടെ യാത്ര** (9) 11
- **പരിശുദ്ധാത്മാവ്** (27) 14
- **യോവേൽ** (16) 17
- **ചോദ്യവും ഉത്തരവും** (24) 20
- **ഓരോരോ ജന്മങ്ങള്** (5) 23
- **കത്രിക ഫ്രീ** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# പുരുഷന്മാരെക്കുറിച്ചുള്ള പൗലൊസിന്റെ ആഗ്രഹം!

### (ഈ ലേഖനം സ്ത്രീകൾക്കും വായിക്കാം, വിരോധമില്ല)

ദൈവസഭയിലെ പുരുഷന്മാർക്ക് (സഹോദരന്മാർക്ക്) അപ്പൊസ്തലനായ പൗലൊസ് ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടുള്ളത് ശ്രദ്ധേയമാണ്. തന്റെ സ്വന്തബുദ്ധിയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ അടിസ്ഥാനത്തിൽ കൊടുക്കുന്ന നിർദ്ദേശങ്ങളല്ല അവ, ദൈവാത്മാവിന്റെ പ്രേരണയാൽ അദ്ദേഹം എഴുതിയതാണ്. അപ്രകാരം കൊടുത്ത ഒരു നിർദ്ദേശം താഴെ കൊടുക്കുന്നു:

**''ആകയാൽ പുരുഷന്മാർ എല്ലാടത്തും കോപവും വാഗ്വാദവും വിട്ടകന്നു വിശുദ്ധകൈകളെ ഉയർത്തി പ്രാർത്ഥിക്കേണം എന്നു ഞാൻ ആഗ്രഹിക്കുന്നു.'' (1 തിമൊഥെയൊസ് 2:8)**

പുരുഷന്മാർ എല്ലായിടത്തും ചെയ്യേണ്ട ഒരു കാര്യമാണിത്. സഭയിൽ മാത്രമല്ല, കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തും എല്ലായിടത്തും ഇങ്ങനെ കാണപ്പെടണം. കോപവും വാഗ്വാദവും ഉപേക്ഷിക്കണം. സ്ത്രീകളേക്കാൾ പുരുഷന്മാർ അധികം കോപിക്കുന്നതായി കണ്ടുവരുന്നു. കോപിക്കേണ്ടിടത്ത് കോപിക്കുക തന്നെ വേണം. എന്നാൽ അനാവശ്യമായി കോപിക്കുന്നതിനെയും ക്ഷിപ്രകോപത്തെയുമാണ് ഇവിടെ വിവക്ഷിക്കുന്നത്. മറ്റുള്ളവരുടെ ഇടയിൽ കോപിക്കുന്നത് ഒരു അന്തസ്സായി കാണുന്ന ചിലരെങ്കിലുമുണ്ട്. അവരുടെ സാന്നിധ്യത്തിൽ മറ്റുള്ളവർ ഭയന്നുവിറച്ചു കഴിയണമത്രേ!

അടുത്തതായി പറയുന്നത് വാഗ്വാദം ഒഴിഞ്ഞിരിക്കണമെന്നാണ്. പണ്ടുതൊട്ടുതന്നെ പുരുഷന്മാർ വാഗ്വാദത്തിൽ മുമ്പന്മാരാണ്. സർവ്വ കാര്യങ്ങളെയും കുറിച്ച് യാതൊരു മടിയും കൂടാതെ അവർ വാക്കുതർക്കത്തിൽ ഏർപ്പെടും. രാഷ്ട്രീയകാര്യങ്ങളെക്കറിച്ചും സമൂഹത്തിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചും അവർ ചൂടുള്ള ചർച്ചകളിൽ ഏർപ്പെടും. സ്പോർട്സിൽ കമ്പമുള്ള വിശ്വാസികൾ ക്രിക്കറ്റ്, ഫുട്ബോൾ എന്നീ മത്സരങ്ങൾ വരുമ്പോൾ വാദപ്രതിവാദങ്ങളിൽ ഏർപ്പെടുന്നത് എത്ര മോശമാണ്! 'മെസ്സി പുലിയാണ്', 'നെയ്മർ കരടിയാണ്', 'റോണാൾഡോ ചിമ്പാൻസിയാണ്' എന്നൊക്കെ പറഞ്ഞ് വാദിക്കുകയും തർക്കിക്കുകയും ചെയ്യുന്ന സഹോദരന്മാർ!

പൊതുവായ കാര്യങ്ങളിൽ ഒരുവൻ അവന്റെ അഭിപ്രായങ്ങൾ പറയുന്നതിൽ തെറ്റില്ല. എന്നാൽ അതു സംബന്ധിച്ച് ഒരു തർക്കം ഉടലെടുക്കുന്നു എന്നു തോന്നിയാൽ അവിടെനിന്നും പിൻവലിയുന്നതാണ് ബുദ്ധി. നേന്ത്രപ്പഴമാണോ പൂവൻപഴമാണോ രുചി എന്നതു സംബന്ധിച്ചു ഒരു ചർച്ച എങ്ങനെയോ സംഭവിച്ചു എന്നു കരുതുക. നിങ്ങൾ അവിടെയുണ്ട്. നേന്ത്രപ്പഴമാണ് രുചി കൂടുതൽ എന്നു നിങ്ങൾ പറയുന്നു എന്നു കരുതുക. അപ്പോഴേക്കും മറ്റൊരാൾ നേന്ത്രപ്പഴമൊക്കെ എന്തിനു കൊള്ളാം, പൂവൻപഴത്തിന്റെ ഏഴയലത്ത് നിൽക്കാൻ കൊള്ളില്ല എന്നു അഭിപ്രായപ്പെട്ടു എന്നു കരുതുക. ഞാൻ എന്റെ അഭിപ്രായം പറഞ്ഞു എന്നേ ഉള്ളൂ എന്നു പറഞ്ഞ് നിങ്ങൾക്ക് ആ വാക്കുതർക്കത്തിൽനിന്നു പിന്മാറാം.

നാം ചിന്തിക്കുന്നതുപോലെത്തന്നെ മറ്റുള്ളവരും ചിന്തിക്കണമെന്നു നമുക്കൊരിക്കലും വാശി വേണ്ട. നമ്മുടെ അഭിപ്രായങ്ങൾ ശാന്തമായി പറഞ്ഞതിനുശേഷം അതു തർക്കമായി വ്യാപിക്കാതെ നോക്കുക. പൊതുവായ കാര്യങ്ങളെക്കുറിച്ചു പോലും അനാവശ്യമായി വിശ്വാസികൾ തർക്കത്തിൽ ഏർപ്പെടുന്നത് കഷ്ടമാണ്. ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിയോട് കൂറു വച്ചു പുലർത്തുകയും ആ പാർട്ടിയുടെ കൊള്ളരുതായ്മകളെ മുഴുവനും പിന്താങ്ങുകയും ചെയ്യുന്ന വിശ്വാസികളെ കണ്ടിട്ടുണ്ട്. ''അന്യന്മാരുടെ പാപങ്ങളിൽ ഓഹരിക്കാരനാകയുമരുത്'' (1 തിമൊഥെയൊസ് 5:22) എന്ന വചനം ഇക്കൂട്ടർ മറക്കാതിരിക്കുന്നത് നല്ലത്.

ആത്മികമേഖല സഹോദരന്മാരുടെ വാദപ്രതിവാദങ്ങൾകൊണ്ട് പൊറുതി മുട്ടിയിരിക്കയാണ്. വാട്സാപ് ഗ്രൂപ്പുകളിൽ പക്ഷം തിരിഞ്ഞ് നാക്കുകൊണ്ടും വാക്കുകൊണ്ടും ഉള്ള യുദ്ധങ്ങൾ അരങ്ങേറുന്നു.

യാതൊരു പ്രയോജനവുമില്ലാത്ത കാര്യങ്ങളെക്കുറിച്ചാണ് പലപ്പോഴും ഈ സംഘട്ടനങ്ങൾ അരങ്ങേറുന്നത്. മുൻനിയമനം, മുൻനിർണ്ണയം എന്നീ കാര്യങ്ങൾ വരുമ്പോൾ വിശ്വാസികൾ ആയുധങ്ങൾ മൂർച്ച കൂട്ടി ഇറങ്ങുകയായി! രണ്ടു കൂട്ടർക്കും പറയാൻ ഒരു പിടി വാക്യങ്ങളുണ്ടായിരിക്കും. അത് ചൂണ്ടിക്കാണിച്ചതിനുശേഷം, വാശിപ്പുറത്തിരിക്കാതെ ആ വിഷയം അവസാനിപ്പിക്കാൻ നമുക്കു കഴിയണം.

തർക്കവിഷയങ്ങളിൽ നാം ചെന്നുചാടിയാൽ, അവനവന്റെ ആശയങ്ങൾ തിരുവെഴുത്തുകൾ ചൂണ്ടിക്കാണിച്ച് തെളിയിച്ചാൽ മാത്രം പോരാ; അപ്പുറത്തു നിൽക്കുന്നവന്റെ വാദങ്ങളെ ഖണ്ഡിക്കാനും കൂടി കഴിയണം. അതിനു പലരും പലപ്പോഴും തുനിയാറില്ല. രക്ഷ നഷ്ടപ്പെടുമോ, ഇല്ലയോ? നഷ്ടപ്പെടും എന്നു വിശ്വസിക്കുന്നവർ അതിനു തെളിവായി വാക്യങ്ങൾ ചൂണ്ടിക്കാണിച്ചാൽ മാത്രം പോരാ; നഷ്ടപ്പെടില്ല എന്നു ചിന്തിക്കുന്നവർ തെളിവായി പറയുന്ന വാക്യങ്ങൾക്ക് മറുപടി പറയുകയും കൂടി വേണം. ഇതുപോലെ തിരിച്ചും.

സ്നാനമേൽക്കാത്തവനും രക്ഷിക്കപ്പെട്ടവനാണ് എന്നു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകാം. പക്ഷേ സ്നാനത്തെക്കുറിച്ചു ഒരു ചർച്ച വരുമ്പോൾ, സ്നാനമേൽക്കാത്തവൻ രക്ഷിക്കപ്പെട്ടവനല്ല എന്നു വാദിക്കുന്നവർ ചൂണ്ടിക്കാണിക്കുന്ന വാക്യങ്ങൾക്ക് നിങ്ങൾ മറുപടി പറയണം. അല്ലാതെ, ഒരു പിടി വാക്യങ്ങളുമായി മുന്നിൽ നിന്ന് എന്തെങ്കിലും തെളിയിച്ചു മടങ്ങുന്നതിൽ കാര്യമില്ല. എതിർവാദങ്ങൾക്ക് തൃപ്തികരമായി മറുപടി പറയാൻ നമുക്കു കഴിയണം. മാത്രമല്ല ഇത്തരം വാദപ്രതിവാദങ്ങൾ വ്യക്തിബന്ധങ്ങളെ തകർക്കുന്നതായോ, വെറും തർക്കമായോ പരിണമിക്കുന്നതായോ കണ്ടാൽ എത്രയും വേഗം നാം അത് നിറുത്തണം; അവിടെനിന്നും പിന്മാറണം.

ആശയപരമായ സംഘട്ടനം പലപ്പോഴും വ്യക്തിപരമായ സംഘട്ടനത്തിലേക്ക് എത്തുന്നത് ഒട്ടും ഭൂഷണമല്ല. ചില സഹോദരന്മാർക്ക് വാഗ്വാദങ്ങൾ നടത്തുന്നത് ഒരു തരം ലഹരിയായി അനുഭവപ്പെടുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സ്വന്തം പാണ്ഡിത്യം വെളിപ്പെടുത്താനുള്ള ഒരു അവസരം മാത്രമായി വാദപ്രതിവാദങ്ങളെ കാണരുത്. പ്രാർത്ഥനയ്ക്കും വിശുദ്ധജീവിതത്തിനുമാണ് പ്രാധാന്യം എന്നു പൗലൊസ് വ്യക്തമാക്കുന്നുവല്ലോ. അതുകൊണ്ടാണ് വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കണം എന്നു അപ്പൊസ്തലനായ പൗലൊസ് ആഹ്വാനം ചെയ്തത്.

**എം. വി. സെബാസ്റ്റ്യൻ**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം ഫോൺ: 95 44 557 557**

## P.V. Daniel, Pullad, Pathanamthitta

ആഭരണം പോലുള്ള കാര്യങ്ങളിൽ എനിക്കു അഭിപ്രായവ്യത്യാസമുണ്ടെങ്കിലും, മാസിക എനിക്കു വളരെ ഇഷ്ടമാണ്. എനിക്കു ലഭിക്കുന്ന പല മാസികകളും പോലെയല്ല, ഇത് ഞാൻ വായിക്കാതെ വിടുകയില്ല. കിട്ടിയാലുടൻ മുഴുവൻ വായിക്കും. തുടർന്നും ദൈവം മുന്നോട്ടു പോകാൻ ധാരാളമായി സഹായിക്കട്ടെ.

ജൂൺമാസത്തിലെ മാസികയിൽ കടുകിനെക്കുറിച്ച് എഴുതിയത് വായിച്ചു. ഞാൻ അതിനെ മറ്റൊരു രീതിയിൽ ആണ് മനസ്സിലാക്കുന്നത്. കടുക്‌വൃക്ഷം നാമധേയക്രൈസ്തവലോകത്തെ കാണിക്കുന്നു. കടുക് ചെറിയ സസ്യമാണ്. എന്നാൽ അത് വൃക്ഷമായിത്തീരുന്നത് അസ്വാഭാവിക വളർച്ചയെ കാണിക്കുന്നു. നാമധേയക്രൈസ്തവർക്ക് ഉണ്ടായിട്ടുള്ളത് അസ്വാഭാവിക വളർച്ചയാണല്ലോ. ക്രിസ്ത്യാനി എന്നു പറഞ്ഞാൽ തന്നെ അത് അവരാണെന്നാണ് ലോകം മനസ്സിലാക്കുന്നത്. ആ വൃക്ഷത്തിന്മേൽ ധാരാളം പറവകൾ വന്നിരുന്നു. പറവകൾ ദുരുപദേശങ്ങളെ കാണിക്കുന്നു. സാത്താന്യ ഏജൻസികൾ ഇക്കൂട്ടരുടെ മധ്യേ ധാരാളമുണ്ടല്ലോ.

### തിരുത്ത് (വെളിപ്പാട് 3:11)

കഴിഞ്ഞ ലക്കത്തിൽ, മഹാഭാഗ്യം എന്ന ലേഖനത്തിൽ വെളി. 3:11 തെറ്റായിട്ടാണ് കൊടുത്തിരുന്നത്. “നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളതു പിടിച്ചുകൊൾക” എന്നാണ് ശരി. പക്ഷേ “എടുപ്പാന്തക്കവണ്ണം” എന്നു തെറ്റായി കൊടുത്തുപോയി. അതിൽ ഖേദിക്കുന്നു.

(1) M. K. Kuruvila, Perinthalmanna, Malappuram (2) V. V. Joseph, Thiruvamkulam, Ernakulam എന്നീ വായനക്കാരാണ് ഈ തെറ്റ് ചൂണ്ടിക്കാട്ടിയത്. ഇവർ യഥാക്രമം 90, 77 എന്നിങ്ങനെ പ്രായമുള്ളവരാണ്. ഈ മാസിക ഇവർ ശ്രദ്ധിച്ചുവായിക്കുന്നു എന്നറിയുന്നതിൽ വളരെ സന്തോഷവും അഭിമാനവും തോന്നുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**Kurias K O, Piravom, Ernakulam**

ജൂലൈ മാസത്തിലെ മാസികയിലെ ഓരോ വിഭവവും ദൈവകൃപയാൽ വളരെ നന്നായിരുന്നു. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ... ഒന്നാം ഭാഗം: മരങ്ങൾ വളരെ പ്രയോജനകരമായിരുന്നു. സർവശക്തനായ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.


**വൈവാഹികം**

വിശ്വസിച്ച് സ്നാനമേറ്റ ഒരു പെൺകുട്ടിക്ക് അനുയോജ്യനായ വരനെ തേടുന്നു. MCom, Audit Associate (Infopark, Kochi) 28/5'2"

Ornaments: Yes (but, not compulsory)

**ഫോൺ: 9495565671**

**വൈവാഹികം**

വിശ്വസിച്ച് സ്നാനമേറ്റ ഒരു പെൺകുട്ടിക്ക് അനുയോജ്യനായ വരനെ തേടുന്നു. BA (English), Fashion Designing, 24/156

(ആഭരണവിരോധികളല്ലാത്തവരിൽ നിന്നും മാത്രം)

**ഫോൺ: 8907767991, 9809218375**


## നമ്മുടെ വാട്സാപ് ഗ്രൂപ്പിൽ അംഗമാകൂ

REAL LIFE VOICE എന്ന പേരിൽ ഒരു WhatsApp Group ഉണ്ട്. എല്ലാ മാസവും മാസിക അതിൽ പോസ്റ്റ് ചെയ്യുന്നതായിരിക്കും. സ്വദേശത്തും വിദേശത്തുമുള്ള നിങ്ങളുടെ ബന്ധുക്കളെയും സ്നേഹിതരെയും ഈ ഗ്രൂപ്പിൽ ചേർക്കുമല്ലോ. തർക്കങ്ങളോ വാദങ്ങളോ ഒന്നും ഈ ഗ്രൂപ്പിൽ ഉണ്ടാകില്ല. മാസത്തിലൊരിക്കൽ മാസിക പോസ്റ്റ് ചെയ്യുന്നതിനു മാത്രം ഉള്ള ഗ്രൂപ്പാണിത്.

**(എഡിറ്റർ)**

# മഹാഭാഗ്യം!

24

റ്റി. ജോൺമാത്യു, മണ്ണുത്തി

**ഞാൻ ദെർബ്ബെക്കു പോകട്ടെ**

അപ്പൊസ്തലപ്രവൃത്തികൾ 14-ാം അദ്ധ്യായത്തിൽ ഇക്കോന്യയിൽവച്ച് പൗലൊസപ്പൊസ്തലന് കല്ലേറേറ്റ സംഭവം നാം വായിക്കുന്നു. പൗലൊസിനെ കൊന്നുകളയേണം എന്നു നിശ്ചയിച്ചുകൊണ്ടായിരുന്നു സുവിശേഷവിരോധികൾ കല്ലെറിഞ്ഞത്. ഏറുകൊണ്ട് പൗലൊസ് താഴെ വീഴുന്നതു കണ്ടപ്പോൾ അദ്ദേഹം മരിച്ചു എന്നു തന്നെയാണ് അവർ ചിന്തിച്ചത്. ആ സംതൃപ്തിയോടെയാണ് അവർ അവിടെനിന്നു പിരിഞ്ഞുപോയത്.

അവർ പോയിക്കഴിഞ്ഞപ്പോൾ പൗലൊസിന്റെ സഹവിശ്വാസികൾ നിലത്തു വീണുകിടന്നിരുന്ന പൗലൊസിന്റെ അടുത്തുചെന്നു. മരിച്ചുപോയോ ഇല്ലയോ എന്നു ഉറപ്പു വരുത്തുന്നതിനായി പൗലൊസിന്റെ ശരീരത്തിൽ അവർ തട്ടിനോക്കി. അപ്പോൾ പൗലൊസിനു ബോധം തിരിച്ചുകിട്ടുകയും അവരുടെ സഹായത്തോടെ എഴുന്നേറ്റു നിവർന്നു നിൽക്കുകയും ചെയ്തു. അതിനുശേഷം അവരിൽ ആരുടെയോ താമസസ്ഥലത്തേക്കു പോകുവാൻ സാധിച്ചു. രാത്രിയിൽ അല്പം വിശ്രമിച്ചശേഷം പിറ്റെദിവസം പ്രഭാതത്തിൽ തന്നെ അദ്ദേഹം ബർന്നബാസിനോടുകൂടെ ദെർബ്ബെക്കു പോയി എന്നാണ് നാം കാണുന്നത്.

ദെർബ്ബെയിലും ലുസ്ത്രയിലും സുവിശേഷം അറിയിക്കുകയും പലരെയും ശിഷ്യരാക്കുകയും ചെയ്തശേഷം പൗലൊസ് പിന്നീട് മടങ്ങിവന്ന് ഇക്കോന്യയിലുള്ള വിശ്വാസികളോട്: “നാം അനേക കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു” (14:22) എന്നു പ്രബോധിപ്പിച്ചു.

ഇക്കോന്യയിൽ വച്ച് കല്ലേറ് ഏറ്റു തകർന്നു ബോധരഹിതനായി നിലത്തുവീണ്, മരിച്ചവനെപ്പോലെ കിടന്ന പൗലൊസ്, ബോധം തിരിച്ചുകിട്ടിയപ്പോൾ തന്റെ ശരീരത്തിനുണ്ടായ മുറിവും ചതവും ഒട്ടും ഗൗനിക്കാതെ ദെർബ്ബെയിലേക്ക് പോകാൻ തയ്യാറായി. “ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചതുകൊണ്ട് നിങ്ങളും ആ ഭാവം തന്നെ ആയുധമായി ധരിപ്പിൻ” ( 1 പത്രൊസ് 4:1) എന്ന ദൈവാത്മാവിന്റെ ഉദ്ബോധനം

അദ്ദേഹത്തിന്റെ ഹൃദയത്തിൽ സദാസമയവും മുഴങ്ങിക്കൊണ്ടിരുന്നു എന്നും അതിൻപ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുവാൻ അദ്ദേഹം എപ്പോഴും സന്നദ്ധനായിരുന്നു എന്നുമാണ് നാം കാണുന്നത്.

വേണ്ടതുപോലെ വിശ്രമിച്ചു സൗഖ്യം പ്രാപിച്ച ശേഷം മാത്രമെ ദെർബ്ബെക്കു പോകാവൂ എന്ന് ഇക്കോന്യയിലെ സഹോദരന്മാർ പൗലൊസിനോട് പറഞ്ഞുകാണും എന്നു ന്യായമായി നമുക്കു ഊഹിക്കാം. അപ്പോൾ പൗലൊസ് അവരോട്: "കർത്താവ് എനിക്കു ആവശ്യമായ ശക്തി നൽകിയിട്ടുണ്ട്; ഞാൻ ദെർബ്ബെക്കു പോകട്ടെ" എന്ന മറുപടിയായിരിക്കും പറഞ്ഞിട്ടുണ്ടാവുക.

"ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കു എല്ലാം ഉപദ്രവം ഉണ്ടാകും" (2 തിമൊഥെയൊസ് 3:12) എന്ന ബോധ്യം ദൈവാത്മാവ് അദ്ദേഹത്തിനു നൽകിയിരുന്നതിനാൽ, എതിർപ്പുകളും പീഡനങ്ങളും ഒഴിവായി കിട്ടിയതിനുശേഷം സുവിശേഷഘോഷണം നിർവ്വഹിക്കാം എന്നല്ല പന്നെയോ, അവ സഹിച്ചുകൊണ്ട് തന്നെ "സുവിശേഷകന്റെ പ്രവൃത്തി" (2 തിമൊഥെയൊസ് 4:5) ചെയ്യണം എന്നാണ് അദ്ദേഹം ചിന്തിച്ചത്.

**നമ്മുടെ മനോഭാവം**

യേശുവിന്റെ ശിഷ്യത്വം അനുഭവമാക്കാൻ ആഗ്രഹിക്കുന്ന നമ്മിൽ ഓരോരുത്തരിലും ഉണ്ടായിരിക്കേണ്ട മനോഭാവം എന്തായിരിക്കണമെന്നു പൗലൊസിന്റെ മാതൃക നമ്മെ പഠിപ്പിക്കുന്നു. കഷ്ടവും നഷ്ടവും സഹിച്ചുകൊണ്ട് മാത്രമേ സുവിശേഷകന്റെ പ്രവൃത്തി ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നു അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ തെളിയിക്കുകയും ചെയ്യുന്നു.

അദ്ദേഹത്തിന്റെ അനുഭവങ്ങൾ യേശുവിന്റെ ശിഷ്യത്വത്തിലേക്കു വളരാനാഗ്രഹിക്കുന്നവർക്കു ഒരു മുന്നറിയിപ്പും നൽകുന്നുണ്ട്: ദൈവഹിതപ്രകാരം സുവിശേഷപ്രവർത്തനം നടത്തുന്നവരെ പീഡിപ്പിക്കാനും തകർക്കാനും സാത്താൻ സദാസമയവും പരിശ്രമിച്ചു കൊണ്ടിരിക്കുന്നതിനാൽ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം (എഫെസ്യർ 6:13–18) ധരിച്ചുകൊണ്ട് അവനെ എതിർത്തു തോല്പിക്കാൻ നാം എല്ലായ്പോഴും തയ്യാറായിരിക്കണമെന്നതാണ് ആ മുന്നറിയിപ്പ്.

സാത്താനെതിരെയുള്ള പോരാട്ടത്തിൽ ജയിൽവാസവും വടികൊണ്ടുള്ള അടിയും ചാട്ടവാറുകൊണ്ടുള്ള അടിയും കല്ലേറും രാവും

പകലും കടലിൽ മുങ്ങിത്തുടിച്ചു നിൽക്കുന്ന അവസ്ഥയും കള്ളന്മാരുടെ ഉപദ്രവവും ഇതിനെല്ലാം പുറമെ കള്ളസഹോദരന്മാരാലുള്ള ആപത്തുകളും, പട്ടിണിയും ദാഹവും, തണുപ്പുമാറ്റാൻ വേണ്ടത്ര കമ്പിളിവസ്ത്രമില്ലാത്ത അവസ്ഥയും (2 കൊരിന്ത്യർ 11:23-28), കണ്ണിനുണ്ടായിരുന്ന ബുദ്ധിമുട്ടും (ഗലാത്യർ 4:13-15) എല്ലാം സഹിച്ചുകൊണ്ടായിരുന്നു പൗലൊസ് സുവിശേഷകന്റെ പ്രവൃത്തി ചെയ്തത്.

വിശേഷവസ്ത്രം ധരിച്ച് സ്റ്റേജിൽ പ്രത്യക്ഷപ്പെട്ട് 'അത്ഭുത'രോഗശാന്തിപ്രകടനം നടത്തി കയ്യടിവാങ്ങി മനുഷ്യരാലുള്ള മാനം ആവോളം നേടിയെടുക്കുന്ന ഒരാളായിട്ടല്ല അദ്ദേഹം പ്രവർത്തിച്ചത്. സുവിശേഷവിരോധികളുടെ കഠിനപീഡനങ്ങളെ 'നൊടിനേരത്തേക്കുള്ള ലഘുവായ കഷ്ടം' (2 കൊരിന്ത്യർ 4:17) എന്നു പരിഗണിച്ചുകൊണ്ട് ശാരീരിക ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വേദനകളും ഒന്നും വകവയ്ക്കാതെ 'ക്രിസ്തുയേശുവിലുള്ള കൃപയാൽ' (2 തിമൊഥെയൊസ് 2:1) ലഭിച്ച അത്ഭുതശക്തി ഉപയോഗിച്ചുള്ള പോരാട്ടമാണ് (2 തിമൊഥെയൊസ് 4:7) അദ്ദേഹം നടത്തിയത്.

സാത്താന്റെ കിങ്കരന്മാരുടെ കല്ലേറ് ഏറ്റു ശരീരം തകർന്ന അവസ്ഥയിലിരുന്നപ്പോൾ, ദെർബ്ബെയിലെ ആളുകളെ സുവിശേഷം അറിയിക്കാനുള്ള ചുമതലാബോധം തന്റെ വേദനകളെല്ലാം മറക്കുവാൻ അദ്ദേഹത്തെ നിർബന്ധിതനാക്കി. അതുകൊണ്ടാണ് ക്രിസ്തുയേശുവിലുള്ള കൃപയാൽ ലഭിച്ച അത്ഭുതശക്തിയാൽ ബലപ്പെട്ട് "ഞാൻ ദെർബ്ബെക്കു പോകട്ടെ" എന്നു ഇക്കോന്യയിലെ വിശ്വാസികളോടു പറഞ്ഞുകൊണ്ട് അദ്ദേഹം ആ സ്ഥലത്തേക്കു പോയത്.

കഷ്ടത സഹിക്കാനുള്ള വരം (ഫിലിപ്പിയർ 1:29) സന്തോഷത്തോടുകൂടെ സ്വീകരിച്ച്, ദൈവാത്മാവ് നൽകുന്ന അളവറ്റ ശക്തിയാൽ (എഫെസ്യർ 1:19) ബലപ്പെട്ട്, പൗലൊസിനെപ്പോലെ 'ഇക്കോന്യയിലേക്കും അവിടെനിന്നു ദെർബ്ബെയിലേക്കും' പോകുവാനുള്ള നല്ല മനസ്സ് നമ്മിൽ ഉണ്ടായാൽ യേശുവിന്റെ യഥാർത്ഥ ശിഷ്യത്വം എന്ന മഹാഭാഗ്യം നമുക്കും ലഭിക്കും; സംശയമില്ല.

**(അവസാനിച്ചു)**

**പ്രൊഫ. ടി. ജോൺമാത്യു എഴുതിയ പുസ്തകങ്ങൾ www.biblestudycentre.net എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അദ്ദേഹത്തിന്റെ വിലാസം: Bible Study Centre, Santhosh Nagar, Mannuthy P. O., Thrissur - 680 651. Phone: 8547371573**

# 9 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*(പുതിയനിയമം വായിക്കുമ്പോൾ നാം കാണുന്ന മരങ്ങൾ, മലകൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ചുള്ള ഒരു ആസ്വാദനം)*

**രണ്ടാം ഭാഗം: മലകൾ**

1. **ഒലിവുമല** (മത്തായി 21:1)

*"അനന്തരം അവർ യെരൂശലേമിനോട് സമീപിച്ചു ഒലിവ്മലയരികെ ബേത്ത്ഫഗയിൽ എത്തിയപ്പോൾ, യേശു രണ്ടു ശിഷ്യന്മാരെ അയച്ചു..."*

ഒലിവ് മരങ്ങൾ ധാരാളം ഉള്ളതുകൊണ്ടാണ് ഒലിവ്മലയ്ക്ക് ആ പേര് വന്നത് എന്നു പറയപ്പെടുന്നു. പഴയനിയമത്തിൽ രണ്ടു തവണ മാത്രമാണ് ഈ മലയുടെ പേര് വ്യക്തമായി പരാമർശിച്ചിട്ടുള്ളത്. 2 ശമൂവേൽ 15:30, സെഖര്യാവ് 14:4 എന്നിവയാണ് ആ വേദഭാഗങ്ങൾ.

**ഒലിവുമലയും പ്രാർത്ഥനയും:** ഒലിവുമലയെ സംബന്ധിച്ചുള്ള പഴയനിയമത്തിലെ ആദ്യത്തെ പരാമർശം തന്നെ വളരെ വികാരവിസ്ഫോടനപൂരിതമാണ്. "ദാവീദ് തല മൂടിയും ചെരിപ്പിടാതെയും നടന്നു കരഞ്ഞുംകൊണ്ട് ഒലിവുമലയുടെ കയറ്റം കയറിച്ചെന്നു" (2 ശമൂവേൽ 15:30). ഹാ! ഒലിവുമലയെക്കുറിച്ചുള്ള ബൈബിളിലെ ആദ്യത്തെ വാക്യം! മകനായ അബ്ശാലോമിന്റെ വാളിൻമുനയിൽ നിന്നും രക്ഷപ്പെടാനുള്ള തത്രപ്പാടിൽ, അപ്പനായ ദാവീദ് ആദ്യം കയറിച്ചെന്നത് ഒലിവ്മലയിൽ!

വേദപുസ്തകം അതിന്റെ വായനക്കാരുടെ മുമ്പിൽ ഒലിവുമലയെ ആദ്യമായി അവതരിപ്പിക്കുന്നതു കണ്ടുവോ? അത്യന്തം അപമാനിതനായി, തല മൂടിയും ചെരിപ്പിടാതെയും നടന്നും കരഞ്ഞുംകൊണ്ട് ദാവീദ് ഒലിവുമലയുടെ മുകളിലേക്ക് കയറിച്ചെല്ലുന്ന സീനിലാണ് വേദപുസ്തകവായനക്കാർ ആദ്യമായി ഒലിവുമലയെ കാണുന്നത്. അതായത്, അപമാനവും കൊടിയ സങ്കടവും അനുഭവിക്കേണ്ടി വരുന്നവന്റെ മനസ്സിൽ ഒലിവുമലയുടെ ചിത്രം തെളിഞ്ഞു വരത്തക്കവണ്ണമാണ് ബൈബിൾ ഒലിവുമലയെ അവതരിപ്പിച്ചിരിക്കുന്നത്.

മകന്റെ കയ്യിൽനിന്നും രക്ഷപ്പെടാനുള്ള ഈ പരിശ്രമത്തിൽ ദാവീദ് എന്തിന് ഒലിവുമലയുടെ മുകളിലേക്ക് പോയി? “പിന്നെ ദാവീദ് മലമുകളിൽ ദൈവത്തെ ആരാധിച്ചുവന്ന സ്ഥലത്തു എത്തിയപ്പോൾ...” എന്നു നാം 15:32 ൽ വായിക്കുന്നു. പ്രാണഭയത്തിലും പ്രാർത്ഥനയുടെ പ്രസക്തി ദാവീദ് മറക്കുന്നില്ല. അവൻ ഒലിവുമലയുടെ മുകളിലേക്ക് കയറിച്ചെന്നു. അവന്റെ കണ്ണീർ ദൈവമുമ്പാകെ പകരുവാൻ അവൻ ശ്രദ്ധിച്ചു.

ദാവീദ് ഈ ചെയ്തത് വർഷങ്ങൾക്കുശേഷം ‘ദാവീദുപുത്രനായ യേശു’വും (മത്തായി 1:1) ആവർത്തിച്ചില്ലേ? ക്രൂശീകരണത്തിന്റെ തലേരാത്രിയിൽ “പിന്നെ അവൻ പതിവുപോലെ ഒലിവുമലയ്ക്കു പുറപ്പെട്ടുപോയി” (ലൂക്കൊസ് 22:39) എന്നു നാം വായിക്കുന്നുണ്ടല്ലോ. എന്തിന്? പ്രാർത്ഥിക്കുവാൻ (22:40)! ദാവീദും യേശുവും പതിവായി ഒലിവുമലയിൽ പ്രാർത്ഥിക്കാനായി സമയം ചിലവഴിച്ചിരുന്നുവെന്നു വ്യക്തം.

**ഒലിവുമലയും പിളരലും:** ഒലിവുമലയെക്കുറിച്ചുള്ള പഴയനിയമത്തിലെ രണ്ടാമത്തേതും അവസാനത്തേതുമായ പരാമർശം സെഖര്യാവ് 14:4 ലാണ്. “അന്നാളിൽ... ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും...” എന്നാണത്. ഒലിവുമല പിളരാതെ ഇന്നും ഭൂമിയിലുണ്ട്. പക്ഷേ അതു നടുവെ പിളർന്നുപോകുന്ന ഒരു ദിവസം വരും. പ്രാർത്ഥിക്കുവാനായി ദാവീദും യേശുവും പോയിരുന്ന ഒലിവുമല പിളരാൻ പോകുന്നു എന്ന വാർത്ത ബൈബിളിൽനിന്നും വായിക്കുമ്പോൾ, ദൈവജനം പേടിച്ചു നടുങ്ങുകയല്ല, പകരം സന്തോഷിച്ചു തുള്ളിച്ചാടുകയാണ് വേണ്ടത്.

ഒലിവുമലയിലെ സങ്കടപ്പെട്ടുള്ള പ്രാർത്ഥനകൾ അവസാനിക്കാറായി. ദാവീദും ദാവീദുപുത്രനും സങ്കടപ്പെട്ടു കരഞ്ഞു പ്രാർത്ഥിച്ച ഒലിവുമല പിളർന്നുപോകും. നമ്മുടെ സങ്കടങ്ങൾക്ക് അവസാനമുണ്ട് എന്ന വസ്തുതയിലേക്ക് ഇതു വിരൽ ചൂണ്ടുന്നില്ലേ? ദു:ഖിച്ചു കരയുന്നവരും നെടുവീർപ്പിട്ടു നിലവിളിക്കുന്നവരുമായ ദൈവജനമേ, ഒലിവുമല പിളരാൻ പോകുന്നു എന്ന വാർത്ത കേട്ട് ആശ്വസിക്കുകയും സന്തോഷിക്കുകയും ചെയ്യുവിൻ. നമ്മുടെ കർത്താവ് വരാൻ പോകുന്നു. കർത്താവിനോടുകൂടെയുള്ള ജീവിതം അക്ഷരാർത്ഥത്തിൽ നാം ആരംഭിക്കാൻ പോകുന്നു. അവഗണനയുടെയും അപമാനങ്ങളുടെയും കാലം ഇതാ തീരാൻ പോകുന്നു.

**ഒലിവുമലയും അത്തിയുടെ ഭവനവും:** പുതിയ നിയമത്തിൽ നാം ഒലിവുമലയെക്കുറിച്ച് ആദ്യം വായിക്കുന്നത് മത്തായി 21:1 ലാണ്. "അനന്തരം അവർ യെരൂശലേമിനോട് സമീപിച്ചു ഒലിവ്മലയരികെ ബേത്ത്ഫഗയിൽ എത്തിയപ്പോൾ, യേശു രണ്ടു ശിഷ്യന്മാരെ അയച്ചു: നിങ്ങൾക്ക് എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ; അവിടെ കെട്ടിയിരിക്കുന്ന ഒരു പെൺകഴുതയെയും അതിന്റെ കുട്ടിയെയും നിങ്ങൾ ഉടനെ കാണും; അവയെ അഴിച്ചുകൊണ്ടുവരുവിൻ" ഇതാണ് മത്തായി 21:1 ൽ നാം വായിക്കുന്നത്.

ഒലിവുമലയുടെ അരികെയാണ് ബേത്ത്ഫഗ എന്ന ഗ്രാമം. ബേത്തഫഗ എന്ന വാക്കിന് 'അത്തിയുടെ ഭവനം' (fig-house) എന്നാണർത്ഥം. ബേഥാന്യ എന്ന ഗ്രാമത്തിന്റെ അടുത്താണിത് (മർക്കൊസ് 11:1). ഹോശന്നാ പാടിക്കൊണ്ട് കർത്താവിനെ എതിരേൽക്കുന്ന കാഴ്ചയാണ് നാം പിന്നീട് ഇവിടെ കാണുന്നത്. മത്തായിയും (21:1), മർക്കൊസും (11:1), ലൂക്കൊസും (19:29) ബേത്ത്ഫഗയോടുള്ള ബന്ധത്തിലാണ് ഒലിവുമലയെ തങ്ങളുടെ സുവിശേഷങ്ങളിൽ ആദ്യമായി അവതരിപ്പിക്കുന്നത്. ബേത്ത്ഫഗ എന്ന ഗ്രാമത്തെക്കുറിച്ച് ഈയൊരു സന്ദർഭത്തിലല്ലാതെ മറ്റൊരിടത്തും പുതിയനിയമത്തിൽ കാണുന്നുമില്ല.

ഒലിവുമരങ്ങൾ നിറഞ്ഞുനിൽക്കുന്ന ഒലിവുമലയും, അതിന്റെ താഴെ അത്തിമരങ്ങൾ നിറഞ്ഞുനിൽക്കുന്ന ബേത്ത്ഫഗ എന്ന ഗ്രാമവും! മത്തായിയും മർക്കൊസും ലൂക്കൊസും തങ്ങളുടെ വായനക്കാരുടെ മുമ്പിൽ ആദ്യമായി ഒലിവുമലയെ അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്. ഒലിവെണ്ണയുടെയും അത്തിപ്പഴത്തിന്റെയും പശ്ചാത്തലത്തിൽ, യേശു സൗമ്യനായ രാജാവായി കഴുതപ്പുറത്തു ആഗതനാകുന്ന ചിത്രം ആരെങ്കിലും ക്യാൻവാസിൽ പകർത്തിയാൽ അതെത്ര മനോഹരമായിരിക്കും!

യെഹൂദന്റെ നിത്യോപയോഗസാധനങ്ങളാണ് ഒലിവെണ്ണയും അത്തിപ്പഴവും. യെഹൂദന്റെ ജീവിതത്തിലെ ഒഴിവാക്കാനാവാത്ത ഘടകങ്ങളായി ഒലിവെണ്ണയും അത്തിപ്പഴവും ആയിരിക്കുന്നതുപോലെ, സൗമ്യനായ രാജാവിനെയും തങ്ങളുടെ ജീവിതത്തിലേക്ക് ഹോശന്നാ പാടി അവർ സ്വീകരിക്കുന്ന കാഴ്ച എത്രയോ ഗംഭീരം!

യോഹന്നാനാകട്ടെ, "യേശുവോ ഒലിവുമലയിലേക്ക് പോയി" (8:1) എന്നു പറഞ്ഞുകൊണ്ടാണ് തന്റെ വായനക്കാരുടെ മുമ്പിൽ ഒലിവുമലയെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്നത്. **(തുടരും)**

# പരിശുദ്ധാത്മാവ്

27

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

## ഒന്നാം നൂറ്റാണ്ടിലെ അന്യഭാഷയും ഇന്നത്തെ അന്യഭാഷയും തമ്മിലുള്ള വ്യത്യാസങ്ങൾ

**കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചത്: (1) ഒന്നാം നൂറ്റാണ്ടിൽ അന്യഭാഷ അപ്രതീക്ഷിതമായി ലഭിച്ചിരുന്നു; ഇന്നത്തെ അന്യഭാഷ കാത്തിരിപ്പിനുശേഷമാണ് ലഭിക്കുന്നത്; (2) ഒന്നാം നൂറ്റാണ്ടിൽ അന്യഭാഷ ഏതെങ്കിലും ഒരു ഭാഷയായിരുന്നു; ഇന്നത്തെ അന്യഭാഷ അങ്ങനെയല്ല.**

(3) ഒന്നാംനൂറ്റാണ്ടിൽ അന്യഭാഷയ്ക്ക് ഇന്ന് പലരും കൊടുക്കുന്ന പ്രാധാന്യം ഉണ്ടായിരുന്നില്ല.

തിരുവെഴുത്ത് നാം പരിശോധിക്കുമ്പോൾ, ഇന്ന് അന്യഭാഷയ്ക്ക് കൊടുക്കുന്ന അത്രയും പ്രാധാന്യം ഒന്നാംനൂറ്റാണ്ടിൽ അപ്പൊസ്തലന്മാർ കൊടുത്തിരുന്നില്ല എന്നു മനസ്സിലാക്കാം. പല കൃപാവരങ്ങളിൽ ഒന്ന് എന്ന നിലയിൽ മാത്രമാണ് അന്യഭാഷയെ അവർ കണ്ടിരുന്നത്. അല്ലാതെ, പരമപ്രധാനമായ കൃപാവരം എന്ന നിലയിൽ കണ്ടിരുന്നില്ല. താഴെപ്പറയുന്ന വിശദീകരണങ്ങൾ അതിനു തെളിവാണ്:

**(1) മർക്കൊസ് 16:17-18** ൽ പറഞ്ഞിട്ടുള്ള അഞ്ച് അടയാളങ്ങളിൽ ഒന്നാണ് പുതുഭാഷകളിൽ (അന്യഭാഷ) സംസാരിക്കുക എന്നത്. ഭൂതങ്ങളെ പുറത്താക്കുക, സർപ്പങ്ങളെ പിടിച്ചെടുക്കുക, വിഷം കുടിച്ചാലും മരിക്കാതിരിക്കുക, രോഗികളുടെ മേൽ കൈവച്ചാൽ സൗഖ്യം വരിക എന്നിവയാണ് മറ്റു നാലു അടയാളങ്ങൾ. ഇവയിൽ അന്യഭാഷയ്ക്ക് മാത്രം പ്രാധാന്യം കൊടുക്കുന്നത് ഉചിതമല്ല.

**(2) 1 കൊരിന്ത്യർ 12:4-11** ൽ 9 കൃപാവരങ്ങളെക്കുറിച്ചു പറഞ്ഞിരിക്കുന്നു. ജ്ഞാനത്തിന്റെ വചനം, പരിജ്ഞാനത്തിന്റെ വചനം, വിശ്വാസം, രോഗശാന്തികളുടെ വരം, വീര്യപ്രവൃത്തികൾ, പ്രവചനം, ആത്മാക്കളുടെ വിവേചനം, പലവിധ ഭാഷകൾ, ഭാഷകളുടെ വ്യാഖ്യാനം എന്നിവയാണ് ആ ഒമ്പത് കൃപാവരങ്ങൾ. അവയിൽ ഒന്നു മാത്രമാണ് അന്യഭാഷ (പലവിധ ഭാഷകൾ). ആ ലിസ്റ്റിൽ ഏതാണ്ട് അവസാനഭാഗത്തായാണ് അതിനു സ്ഥാനം കൊടുത്തിരിക്കുന്നത്.

**(3) 1 കൊരിന്ത്യർ 14:5,39** വായിച്ചാൽ, അന്യഭാഷയേക്കാൾ പ്രാധാന്യം പ്രവചനത്തിനുണ്ട് എന്നു മനസ്സിലാക്കാം.

**(4) 1 കൊരിന്ത്യർ 14:19** നോക്കുക. അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ പ്രാധാന്യം ബുദ്ധികൊണ്ട് സംസാരിക്കുന്നതിനു ഉണ്ട് എന്നു അവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

**(5) 1 കൊരിന്ത്യർ 13:1** അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ പ്രാധാന്യം സ്നേഹത്തിനുണ്ട്

**(6) വരങ്ങളുടെ 6 ലിസ്റ്റ്** വചനത്തിലുണ്ട്. (1) റോമർ 12:6-8: പ്രവചനം, ശുശ്രൂഷ, ഉപദേശം, പ്രബോധനം, ദാനം, ഭരണം, കരുണ കാണിക്കുക; (2) 1 കൊരിന്ത്യർ 12:8-10: ജ്ഞാനം, പരിജ്ഞാനം, വിശ്വാസം, രോഗശാന്തി, വീര്യപ്രവൃത്തികൾ, പ്രവചനം, ആത്മാക്കളുടെ വിവേചനം, പലവിധ ഭാഷകൾ, ഭാഷകളുടെ വ്യാഖ്യാനം; (3) 1 കൊരിന്ത്യർ 12:28: അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കന്മാർ, വീര്യപ്രവൃത്തികൾ, രോഗശാന്തി, അന്യഭാഷ, വ്യാഖ്യാനം; (5) എഫെസ്യർ 4:11: അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ; (6) 1 പത്രൊസ് 4:10-11: പ്രസംഗം, ശുശ്രൂഷ.

ഈ 6 ലിസ്റ്റിൽ, മൂന്നെണ്ണത്തിൽ മാത്രമാണ് അന്യഭാഷയുടെ കാര്യം പറഞ്ഞിട്ടുള്ളത്. അതാണെങ്കിലോ, ഏതാണ്ട് അവസാനഭാഗത്താണു താനും.

**എതിർവാദം:** തുല്യപ്രാധാന്യമുള്ള വസ്തുതകൾ ഒന്നിനു പുറകെ ഒന്നായി മാത്രമേ പറയാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ലിസ്റ്റിൽ അവസാനഭാഗത്താണ് അന്യഭാഷ എന്ന വാദത്തിൽ കഴമ്പില്ല.

**മറുപടി:** ശരി, സമ്മതിക്കുന്നു. ഏതായാലും ലിസ്റ്റിലുള്ളത് തുല്യപ്രാധാന്യമുള്ള കാര്യങ്ങളാണല്ലോ. പിന്നെന്തിന് അന്യഭാഷയ്ക്കു മാത്രം ഇത്രയധികം പ്രാധാന്യം കൊടുക്കണം? എല്ലാതും ഒരുപോലെ പ്രധാനപ്പെട്ടതാണെങ്കിൽ, അതിൽ ഒരെണ്ണത്തിനു മാത്രം കൂടുതൽ പ്രാധാന്യം കൊടുത്ത്, അന്യഭാഷ നിർബന്ധമായും പറയണം എന്ന നിഗമനത്തിൽ എന്തിന് നാം എത്തിച്ചേരണം?

(4) ഒന്നാംനൂറ്റാണ്ടിൽ അന്യഭാഷ പറയാൻ കഴിയാത്തത് ഒരു കുറവായി കണ്ടിരുന്നില്ല. ഇന്നാണെങ്കിലോ അന്യഭാഷ പറയാത്തത് ഒരു കുറവായി കണക്കാക്കുന്നു

അന്യഭാഷയിൽ സംസാരിക്കാത്തത് ഒരു കുറവായി ഇന്ന് പലരും കണക്കാക്കിപ്പോരുന്നതുകൊണ്ട്, വിശ്വാസികളുടെ മധ്യേ സ്റ്റാറ്റസ് നിലനിർത്താനായി പലരും അന്യഭാഷ കൃത്രിമമായി സംസാരിക്കുന്നതായി കണ്ടുവരുന്നു. സമൂഹത്തിന്റെ മധ്യേ ഇങ്ങനെയൊരു കോമാളിവേഷം കെട്ടി ആടേണ്ട ആവശ്യമൊന്നും വാസ്തവത്തിൽ വിശ്വാസികൾക്കില്ല. അന്യഭാഷ പറയാൻ കഴിഞ്ഞില്ലെങ്കിൽ അത് ഒരു കുറവല്ല. തെളിവുകൾ താഴെ കൊടുക്കുന്നു;

(1) 1 കൊരിന്ത്യർ 12:29,30 ''എല്ലാവരും അപ്പൊസ്തലന്മാരോ? എല്ലാവരും പ്രവാചകന്മാരോ?.....എല്ലാവർക്കും രോഗശാന്തിക്കുള്ള വരം ഉണ്ടോ? എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ?....'' ഈ വാചകം വായിക്കുന്നവർക്കു അർത്ഥം മനസ്സിലാക്കാൻ ബുദ്ധിമുട്ടൊന്നുമില്ല. എല്ലാവരും അപ്പൊസ്തലന്മാരല്ല; എല്ലാവരും പ്രവാചകന്മാരല്ല; എല്ലാവർക്കും രോഗശാന്തിക്കുള്ള വരം ഇല്ല. എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നില്ല... ഇതാണ് ഈ വാചകത്തിന്റെ അർത്ഥം. എല്ലാവരും പ്രവാചകന്മാരല്ലാത്തത് ഒരു കുറവല്ലാതിരിക്കുന്നതുപോലെ, എല്ലാവരും അന്യഭാഷകളിൽ സംസാരിക്കാത്തതും ഒരു കുറവല്ല.

(2) മൂപ്പന്മാരുടെ യോഗ്യതകൾ 1 തിമൊഥെയൊസ് 3:1-7 ലും തീത്തൊസ് 1:6-9 ലും കാണുന്നു. മൂപ്പൻ അന്യഭാഷ പറയുന്നവനാകണം എന്നൊരു യോഗ്യത അക്കൂട്ടത്തിൽ ഇല്ല

(3) ശുശ്രൂഷകന്മാരുടെ യോഗ്യതകൾ 1 തിമൊ. 3:8-13 ൽ കാണുന്നു. അന്യഭാഷ പറയുന്നവനാകണം എന്നൊരു യോഗ്യത അവിടെയും ഇല്ല.

(4) എഴുവരെ തിരഞ്ഞെടുക്കുമ്പോഴും (അപ്പൊ.പ്രവൃ.6:3-5) അന്യഭാഷ പറയുന്നവനാകണം എന്ന വ്യവസ്ഥ അവർ വച്ചില്ല.

ഇന്നാണെങ്കിൽ അന്യഭാഷ പറയാത്തവന് ശുശ്രൂഷകൾ ലഭിക്കാനുള്ള സാധ്യത കുറവാണ്. അഭിഷേകം പ്രാപിച്ചവർക്കു മാത്രമേ ശുശ്രൂഷകൾ ലഭിക്കുകയുള്ളൂ. അഭിഷേകം പ്രാപിക്കുക എന്നതുകൊണ്ട് ഇവർ ഉദ്ദേശിക്കുന്നത് അന്യഭാഷ പറയുക എന്നാണ്.

**എതിർവാദം:** ''നിങ്ങളെല്ലാവരിലും അധികം ഞാൻ അന്യഭാഷകളിൽ സംസാരിക്കുന്നതുകൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു'' എന്നു 1 കൊരി. 14:18 ൽ ഉണ്ടല്ലോ. അപ്പോൾ കൊരിന്തുസഭയിലെ എല്ലാവരും അന്യഭാഷകളിൽ സംസാരിച്ചിരുന്നു എന്നല്ലേ ഇതിൽനിന്നും വ്യക്തമാകുന്നത്?

**മറുപടി:** എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നില്ല എന്ന് നേരത്തെ അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിട്ടുണ്ടല്ലോ (12:30). അന്യഭാഷയിൽ (ആത്മാവ് കൊണ്ട്) സ്തോത്രം ചെയ്താൽ, ആ വരമില്ലാത്തവന് അതെങ്ങനെ മനസ്സിലാകും എന്നു 12:16,17 ൽ പറഞ്ഞിട്ടുള്ളതുകൊണ്ട്, കൊരിന്തുസഭയിൽ എല്ലാവർക്കും അന്യഭാഷാവരം ഉണ്ടായിരുന്നില്ലെന്നു പിന്നെയും തെളിയുന്നു. ഇത്രയും പറഞ്ഞിട്ടാണ് 12:18 ൽ, ''നിങ്ങളെല്ലാവരിലും അധികം ഞാൻ അന്യഭാഷകളിൽ സംസാരിക്കുന്നു...'' എന്നു പൗലൊസ് പറയുന്നത്. നിങ്ങളിൽ അന്യഭാഷ പറയുന്ന എല്ലാവരിലും അധികം ഞാൻ അന്യഭാഷ പറയുന്നു എന്നു മാത്രമേ അർത്ഥം വരികയുള്ളൂ. അല്ലാതെ, കൊരിന്തുസഭയിലെ എല്ലാവരും അന്യഭാഷ പറഞ്ഞിരുന്നു എന്ന അർത്ഥം ഒരിക്കലും വരികയില്ല.

**(തുടരും)**

# യോവേൽ 16
## (പുസ്തകപഠനം)

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

**യോവേൽ 2:24**

**"അങ്ങനെ കളപ്പുരകൾ ധാന്യംകൊണ്ടു നിറയും; ചക്കുകൾ വീഞ്ഞും എണ്ണയും കൊണ്ട് കവിയും"**

എപ്പോൾ? ദൈവമായ യഹോവയിൽ സന്തോഷിക്കുമ്പോൾ (2:23) എന്നു മുൻവാക്യത്തിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ശൂന്യതയുടെ അവസ്ഥ ദൈവം മാറ്റും; ദൈവം നിറയ്ക്കും. നിറയാറായത് ദൈവം നിറഞ്ഞു കവിയുമാറാക്കും. ക്ഷാമത്തിന്റെ അവസ്ഥ ദൈവം മാറ്റും. പ്രിയ വിശ്വാസി, താങ്കൾ അനുഗ്രഹിക്കപ്പെടാതെ കിടക്കുന്ന മേഖല കളിൽ തീർച്ചയായും അനുഗ്രഹിക്കപ്പെടും. ഒരേയൊരു വ്യവസ്ഥ മാത്രം - ദൈവത്തിൽ ഘോഷിച്ചുല്ലസിക്കുക.

**യോവേൽ 2:25**

**"ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യ മായ വെട്ടുകിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവ ത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്കു പകരം നൽകും"**

നമ്മുടെ പാപം നിമിത്തം വരുന്ന നഷ്ടങ്ങൾ, നാം മാനസാന്തരപ്പെ ടുമ്പോൾ ദൈവം നികത്തിത്തരും. പാപം മൂലം എത്രയോ നഷ്ടങ്ങൾ നമ്മുടെ ജീവിതത്തിൽ വരുന്നു. ആ നഷ്ടങ്ങളെക്കുറിച്ച് വിലപിക്കാതെ യഥാർത്ഥമായി മാനസാന്തരപ്പെട്ടാൽ ആ നഷ്ടം ദൈവം നികത്തും.

യഥാർത്ഥ മാനസാന്തരം എപ്രകാരമായിരിക്കണം എന്നു 2 കൊരി ന്ത്യർ 7:11 ൽ കൊടുത്തിട്ടുണ്ട്. അതിപ്രകാരമാണ്: "ദൈവഹിതപ്രകാരം നിങ്ങൾക്കുണ്ടായ ഈ ദുഃഖം എത്ര ഉത്സാഹം, എത്ര പ്രതിവാദം, എത്ര നീരസം, എത്ര ഭയം, എത്ര വാഞ്ഛ, എത്ര എരിവ്, എത്ര പ്രതികാരം നിങ്ങളിൽ ജനിപ്പിച്ചു." ഈ വാക്യം നമുക്ക് ഇപ്രകാരം വിശദീകരിക്കാം: യഥാർത്ഥമായി മാനസാന്തരപ്പെടുന്നവർക്ക് തെറ്റിനെക്കുറിച്ച് ഹൃദയ ത്തിൽ ദുഃഖം തോന്നും. മാത്രമല്ല, ശരിയായ കാര്യങ്ങൾ ചെയ്യാനുള്ള വലിയ ഉത്സാഹം, തെറ്റു ചെയ്യുന്നവർക്കും അതിനെ ന്യായീകരിക്കു

ന്നവർക്കും എതിരെയുള്ള പ്രതിവാദം, പാപത്തോട് വലിയ നീരസം, ദൈവത്തെ ഭയം, ശരിയായ കാര്യങ്ങൾ സ്വീകരിക്കപ്പെടാനുള്ള വലിയ വാഞ്ച, തെറ്റുകൾ തിരുത്തപ്പെടാനുള്ള വലിയ എരിവ്, തെറ്റ് ചെയ്തവർ ശിക്ഷിക്കപ്പെടണമെന്ന വലിയ ആഗ്രഹം, അഥവാ പ്രതികാരദാഹം എന്നിവ അവരിൽ ഉണ്ടായിരിക്കും.

ഇങ്ങനെയാണ് യഥാർത്ഥ മാനസാന്തരം. ഇതുപോലുള്ള മാനസാന്തരം നമ്മിലുണ്ടായാൽ അടഞ്ഞുകിടക്കുന്ന വാതിലുകൾ നമ്മുടെ മുമ്പാകെ തുറക്കും; മുടങ്ങിക്കിടക്കുന്ന അനുഗ്രഹങ്ങൾ നമ്മെ തേടി വരും. നമുക്ക് എന്തൊക്കെയാണ് ആവശ്യമെന്ന് ദൈവം അറിയുന്നു. നമുക്ക് വാസ്തവത്തിൽ ഗുണം ഉണ്ടാവുമെന്നു അവിടുത്തേക്ക് അറിയാമെങ്കിൽ അത് നമുക്ക് തീർച്ചയായും ലഭിച്ചിരിക്കും.

**യോവേൽ 2:26**

**"നിങ്ങൾ വേണ്ടുവോളം തിന്നു തൃപ്തരായി, നിങ്ങളോട് അത്ഭുതമായി പ്രവർത്തിച്ചിരിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ സ്തുതിക്കും; എന്റെ ജനം ഒരുനാളും ലജ്ജിച്ചു പോകയുമില്ല"**

നോക്കുക, ദൈവത്തിന്റെ നമ്മോടുള്ള കരുണയും വാത്സല്യവും! നാം നാണംകെട്ടു പോകണമെന്നു (ലജ്ജിച്ചുപോകണമെന്നു) നമ്മുടെ ദൈവം ഒരുനാളും ആഗ്രഹിക്കുന്നില്ല. നമ്മുടെ കയ്യിലിരിപ്പിന്റെ ദോഷം നിമിത്തം നാം സമ്പാദിക്കുന്ന നാണക്കേടുകൾ ഉണ്ടായിരിക്കാം. പക്ഷേ നാം ദൈവത്തിങ്കലേക്ക് തിരിഞ്ഞാൽ നമ്മെ യഥാസ്ഥാനപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്നാൽ വിശ്വസ്തതയോടെ ദൈവമുമ്പാകെ നിലനിന്നിട്ട് നാണം കെട്ട് പോയവരില്ലേ എന്നു നമുക്കു തോന്നാം. സ്തെഫാനോസ് പൊതുജനമധ്യത്തിൽ നാണം കെട്ടുപോയില്ലേ എന്നു നാം ചിന്തിച്ചേക്കാം. പക്ഷേ താൻ പൊതുജനമധ്യത്തിൽ നാണം കെട്ടുപോയി എന്ന് സ്തെഫാനോസിന് പരാതിയില്ല. തന്നെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ് അദ്ദേഹം ചെയ്തത്. അങ്ങനെ സ്തെഫാനോസിന് പരാതി ഇല്ലെങ്കിൽ നമുക്കും പരാതി വേണ്ടല്ലോ.

**യോവേൽ 2:27**

**"ഞാൻ യിസ്രായേലിന്റെ നടുവിൽ ഉണ്ട്; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ, മറ്റൊരുത്തനുമില്ല എന്നു നിങ്ങൾ അറിയും; എന്റെ ജനം ഒരു നാളും ലജ്ജിച്ചുപോകയുമില്ല"**

ഈ വാക്യത്തിലും ദൈവം ആവർത്തിക്കുന്നു; എന്റെ ജനം ഒരു നാളും ലജ്ജിച്ചുപോകയുമില്ല. ദൈവത്തെ പിൻപറ്റാൻ ഒരു വ്യക്തി തീരുമാനമെടുത്താൽ ആ തീരുമാനത്തെക്കുറിച്ച് തന്റെ ജീവിതകാലത്ത് ഒരിക്കലും തനിക്കു ലജ്ജിക്കേണ്ടി വരികയില്ല. ഈ ദൈവം നമ്മുടെ മധ്യേ ഉണ്ട്! പുതിയനിയമത്തിലും ഈ വാഗ്ദത്തം ആവർത്തിക്കുന്നതായി നാം കാണുന്നുണ്ടല്ലോ. ഞാൻ അവരുടെ മധ്യേ ഉണ്ട് എന്നു കർത്താവായ യേശുക്രിസ്തുവും പറഞ്ഞു.

നമ്മുടെ ദൈവത്തെപ്പോലെ മറ്റൊരുത്തനുമില്ല എന്ന വസ്തുത എല്ലാ വിശ്വാസികളും മനസ്സിലാക്കണം. വിളിച്ചപേക്ഷിക്കുന്ന ദൈവത്തിന്റെ മഹത്വവും ഔന്നത്യവും നാം മനസ്സിലാക്കാതെ പോകരുത്. നമ്മെ കൈവിടാത്ത നമ്മുടെ ദൈവത്തെ നമുക്ക് ധൈര്യമായി പിൻപറ്റാം. ഒരു കാലത്ത് നാം പിന്തിരിഞ്ഞു നോക്കുമ്പോൾ സംഭവിച്ച കാര്യങ്ങളിലൊന്നും നമുക്കു ലജ്ജിക്കേണ്ടി വരികയില്ല.

**(തുടരും)**

## പൊങ്ങച്ചക്കാരി

### പി. വി. സന്തോഷ്, വയനാട്

പരിഷ്കാരിയും പൊങ്ങച്ചക്കാരിയുമായ ഒരു സ്ത്രീ ചെരുപ്പുകടയിൽ കയറി. “എനിക്ക് നന്നായി ചേരുന്ന ഏറ്റവും പുതിയ മോഡൽ ചെരുപ്പുകൾ വേണം. വില എനിക്കു പ്രശ്നമല്ല.” അവൾ കടക്കാരനോടു പറഞ്ഞു. കാലിൽ കിടന്നിരുന്ന ചെരുപ്പുകൾ ഊരിമാറ്റിയിട്ട് കടക്കാരൻ കാണിച്ച ചെരുപ്പുകൾ ഓരോന്നായി കാലിൽ ഇട്ടുനോക്കി. ഒത്തിരി എണ്ണം ഇട്ടുനോക്കിയിട്ടും ഇഷ്ടപ്പെട്ട ചെരുപ്പ് കിട്ടിയില്ല.

ഒടുവിൽ അൽപം മാറിക്കിടന്നിരുന്ന ഒരു ജോടി ചെരുപ്പിൽ കാൽ കയറ്റിയപ്പോൾ കിറുകൃത്യം “ഇതുകൊള്ളാം. അളവും ഡിസൈനും എനിക്കു ഇഷ്ടപ്പെട്ടു. ഇതിന് എന്താണ് വില?” കടക്കാരൻ ചിരിച്ചുകൊണ്ട് പറഞ്ഞു. “മാഡം, അതിന് ഒന്നും തരേണ്ട. ഫ്രീ ആയി എടുത്തുകൊള്ളൂ. മാഡം ഇവിടേക്ക് കയറിവന്നപ്പോൾ കാലിൽ കിടന്നിരുന്ന ചെരുപ്പുകൾ ആണിത്.”ചമ്മലോടെ ആ സ്ത്രീ നിന്നു.

നമുക്ക് ഏറ്റവും അനുയോജ്യമായവ തള്ളിക്കളഞ്ഞിട്ടാണ് പലപ്പോഴും നാം പുതിയത് തേടിപ്പോകുന്നത് എന്നു ഓർക്കുക.

# 24 ചോദ്യവും ഉത്തരവും

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

? *“ഞാൻ യാക്കോബിനെ സ്നേഹിച്ചു, ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു” (റോമർ 9:13). എന്താണ് ഈ വാക്യത്തിന്റെ അർത്ഥം?*

**മറുപടി:**

പാവം ഏശാവ്! ഒരുവനെ ദൈവം വെറുത്താൽ പിന്നെ അവന്റെ ജീവിതംകൊണ്ട് എന്ത് ഫലം? ‘‘ദൈവം സ്നേഹം തന്നെ’’ എന്ന ബൈബിൾ വാക്യം ഏശാവിന്റെ കാര്യത്തിൽ എന്തേ പാലിക്കപ്പെട്ടില്ല? ഇത്തരം സംശയങ്ങളെല്ലാം നമ്മുടെ മനസ്സിൽ ഉണ്ടാകാവുന്നവയാണ്. പക്ഷേ നമ്മുടെ ദൈവം ഇത്തരത്തിൽ പെരുമാറുവാൻ തക്കവണ്ണം അനീതിയുള്ളവനല്ല (റോമർ 9:14).

‘‘ഞാൻ യാക്കോബിനെ സ്നേഹിച്ചു, ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു’’ എന്ന വാക്യത്തിന്റെ അർത്ഥം നമുക്കു താഴെപ്പറയും വിധം മനസ്സിലാക്കാം:

**(1) ഞാൻ യാക്കോബിന്റെ മക്കളെ സ്നേഹിച്ചു, ഏശാവിന്റെ മക്കളെ ദ്വേഷിച്ചിരിക്കുന്നു**

യാക്കോബിനെയും ഏശാവിനെയും നാം കാണുന്നത് പഴയനിയമത്തിലെ ആദ്യപുസ്തകമായ ഉല്പത്തിയിലാണ്. പക്ഷേ ‘‘ഞാൻ യാക്കോബിനെ സ്നേഹിച്ചു, ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു’’ എന്ന വാക്യം നാം കാണുന്നത് ഉല്പത്തിപ്പുസ്തകത്തിലല്ല; പഴയനിയമത്തിലെ അവസാനത്തെ പുസ്തകമായ മലാഖിയിലാണ് (മലാഖി 1:2,3). യാക്കോബും ഏശാവും ജീവിച്ചിരുന്നത് ക്രിസ്തുവിനു 1800 കൊല്ലങ്ങൾക്കു മുമ്പാണ് (BC 1800). മലാഖിപ്പുസ്തകം എഴുതപ്പെടുന്നത് ക്രിസ്തുവിന് 500 കൊല്ലങ്ങൾക്കു മുമ്പാണ് (BC 500). അതായത്, യാക്കോബും ഏശാവും മരിച്ച് ഏകദേശം 1300 കൊല്ലങ്ങൾ കഴിഞ്ഞാണ്,‘‘ഞാൻ യാക്കോബിനെ സ്നേഹിച്ചു, ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു’’ എന്ന് ദൈവം അരുളിച്ചെയ്തത്. അതുകൊണ്ടുതന്നെ, ഇപ്പറഞ്ഞത് യാക്കോബിനെയും ഏശാവിനെയും വ്യക്തിപരമായി ഉദ്ദേശിച്ചല്ല എന്നും അവരുടെ തലമുറകളെ ഉദ്ദേശിച്ചാണെന്നും വ്യക്തമാണ്.

യാക്കോബോ, ഏശാവോ അവരുടെ മാതാപിതാക്കളോ തങ്ങളുടെ ജീവകാലത്ത് ഇത്തരമൊരു പ്രസ്താവന കേട്ടിട്ടുള്ളവരല്ല. ‘‘മൂത്തവൻ ഇളയവനെ സേവിക്കും’’ എന്നു ദൈവം അവരുടെ അമ്മയായ റിബെക്കയോട് പറഞ്ഞിരുന്നു (ഉല്പത്തി 25:23) എന്നതു ശരി തന്നെ. പക്ഷേ അതുപോലും വ്യക്തിപരമായ നിലയിലല്ല. ‘‘രണ്ടു ജാതികൾ നിന്റെ ഗർഭത്തിൽ ഉണ്ട്; രണ്ടു വംശ

ങ്ങൾ നിന്റെ ഉദരത്തിൽനിന്നു തന്നേ പിരിയും...'' എന്നു പറഞ്ഞിട്ടാണ് ''മൂത്തവൻ ഇളയവനെ സേവിക്കും'' എന്നു പറഞ്ഞത്. രണ്ടു ജാതികൾ, രണ്ടു വംശങ്ങൾ എന്നീ പ്രയോഗങ്ങൾ ശ്രദ്ധിക്കുക. വ്യക്തിപരമായി യാക്കോബ്, ഏശാവ് എന്നിങ്ങനെയല്ല; അവരിലൂടെ വരുന്ന രണ്ടു വംശങ്ങളുടെ കാര്യമാണ് ഉദ്ദേശിച്ചത് എന്നു വ്യക്തം. തന്റെ ജീവകാലത്ത് ഒരിക്കൽപോലും ഏശാവ് യാക്കോബിനെ സേവിച്ചിട്ടില്ല. യാക്കോബാണ് ഏശാവിനെ പേടിച്ചുനടന്നത്. യാക്കോബാണ് ഏശാവിന്റെ മുമ്പിൽ പലതവണ കാൽക്കൽ വീണത് (ഉല്പത്തി 33:3).

### (2) ഞാൻ യാക്കോബിന്റെ മക്കളെ ഏശാവിന്റെ മക്കളേക്കാൾ അധികം സ്നേഹിച്ചു

''തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും...തന്റെ ജീവനെ പകെക്കുന്നവൻ അതിനെ... സൂക്ഷിക്കും'' (യോഹന്നാൻ 12:25). (ഇവിടെ കാണുന്ന പകെക്കുക എന്നതിനും, ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു എന്നതിലെ ദ്വേഷം എന്നതിനും ഒരേ ഗ്രീക്കുപദമാണ് ഉപയോഗിച്ചിരിക്കുന്നത്. തന്റെ ജീവനെ പകെക്കുക (ദ്വേഷിക്കുക) എന്നു പറഞ്ഞാൽ, തന്റെ ജീവനെ വെറുക്കുക എന്നല്ല അർത്ഥം; തന്റെ ജീവനെ ദൈവത്തേക്കാളധികം സ്നേഹിക്കരുത് എന്നാണ് അർത്ഥം.

ലൂക്കൊസ് 14:26 നോക്കുക. കർത്താവിന്റെ ശിഷ്യനായിരിക്കണമെങ്കിൽ അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും എല്ലാം പകെക്കണം എന്നു അവിടെ കാണാം. അവിടെ കാണുന്ന പകെക്കുക എന്ന പദത്തിനും ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു എന്നു പറയുന്നിടത്തും അതേ പദമാണ് മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. കർത്താവിന്റെ ശിഷ്യൻ തന്റെ അപ്പനെയും അമ്മയെയും ഭാര്യയെയുമെല്ലാം വെറുക്കണം എന്നല്ല, അവരേക്കാൾ അധികം കർത്താവിനെ സ്നേഹിക്കണം എന്നാണ് ഇവിടെ അർത്ഥം.

ദൈവം ഏശാവിനെ (ഏശാവിന്റെ തലമുറയെ) വെറുത്തില്ല. യാക്കോബിനെ (യാക്കോബിന്റെ തലമുറയെ) അധികം സ്നേഹിച്ചു എന്നു മാത്രമാണ് അർത്ഥം. ഏശാവിനെയും അവന്റെ സന്തതിപരമ്പരയെയും വെറുതെയങ്ങ് വെറുക്കാൻ നമ്മുടെ ദൈവം അനീതിയുള്ളവനല്ല. 12 ശിഷ്യന്മാരിൽ യേശു യോഹന്നാനെ അധികമായി സ്നേഹിച്ചതുപോലെ മാത്രമേ ഇതിനെ കാണേണ്ടതുള്ളൂ (യോഹന്നാൻ 21:20). യേശു യോഹന്നാനെ അധികമായി സ്നേഹിച്ചു എന്നു പറഞ്ഞാൽ മറ്റു ശിഷ്യന്മാരെയെല്ലാം വെറുത്തു എന്നു അർത്ഥം വരികയില്ലല്ലോ.

### (3) ഏശാവിന്റെ മക്കളിലൂടെയല്ല, യാക്കോബിന്റെ മക്കളിലൂടെയാണ് ദൈവം തന്റെ രക്ഷാകരപദ്ധതി തുടർന്നത്. അങ്ങനെ ദൈവം യാക്കോബിന്റെ സന്തതികളെ ഏശാവിന്റെ സന്തതികളേക്കാൾ അധികം സ്നേഹിച്ചു.

ഏശാവിന്റെ മക്കളെ ദൈവം തീർച്ചയായും സ്നേഹിച്ചിട്ടുണ്ട്. സേയീർപർവ്വതം ഏശാവിന്റെ മക്കൾക്ക് ദൈവം അവകാശമായി കൊടുത്തു (ആവർത്തനം 2:5). ആ ദേശത്തുണ്ടായിരുന്ന ഹോര്യരെ നശിപ്പിച്ചു കളഞ്ഞിട്ടാണ് ദൈവം ഏശാവിന്റെ മക്കൾക്ക് സേയീർപർവ്വതം കൊടുത്തത് (ആവ.2:22). കനാന്യരെ നീക്കിക്കളഞ്ഞ് ആ ദേശം യാക്കോബിന്റെ മക്കൾക്ക് കൊടുത്ത ദൈവം, അതിനുമുമ്പ് ഏശാവിന്റെ മക്കൾക്ക് ഹോര്യരെ നശിപ്പിച്ച് ആ ദേശം കൊടുത്തിരുന്നു! ഏശാവിന്റെ മക്കളോട് യാതൊരു കാരണവശാലും യുദ്ധം ചെയ്യരുത് എന്നു ദൈവം യാക്കോബിന്റെ മക്കളോടു പറഞ്ഞിരുന്നു (ആവർത്തനം 2:5). ഇനി പറയൂ: ദൈവം ഏശാവിന്റെ മക്കളെ സ്നേഹിച്ചില്ലേ?

എന്നാൽ ന്യായപ്രമാണം ലഭിച്ചത് യാക്കോബിന്റെ മക്കൾക്കാണ് (റോമർ 9:4). ക്രിസ്തു ജനിച്ചത് അവരിൽ നിന്നാണ് (റോമർ 9:5). അങ്ങനെ മാനവകുലത്തെ രക്ഷിക്കാനുള്ള പദ്ധതി ദൈവം തുടർന്നത് അവരിലൂടെയാണ്. ആരെങ്കിലും ഒരാളിലൂടെ മാത്രമേ രക്ഷാകരപദ്ധതി തുടരാൻ ഒക്കുകയുള്ളൂ. അത് യാക്കോബിലൂടെയാകട്ടെ എന്നു ദൈവം തീരുമാനിച്ചു. തന്റെ ജീവിതകാലത്ത് ഏശാവിനെ ദൈവം ഒരിക്കലും വെറുത്തിട്ടില്ല. സ്നേഹിച്ചിട്ടേ ഉള്ളൂ. യാക്കോബ് ഏശാവിനെ ചതിച്ചെങ്കിൽ, ആ യാക്കോബിനെക്കൊണ്ട് ഏശാവിന്റെ മുമ്പിൽ 'ക്ഷ' വരപ്പിച്ചിട്ടുണ്ട് ഈ ദൈവം. മാത്രമല്ല, ഏശാവിനെ സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്തു (ഉല്പത്തി 33:9).

### (4) ഏശാവിന്റെ മക്കളേക്കാൾ യാക്കോബിന്റെ മക്കളോട് ദീർഘക്ഷമ കാണിച്ചു

മലാഖി 1:2,3 ലാണല്ലോ, ഞാൻ യാക്കോബിനെ സ്നേഹിച്ചു എന്നും ഏശാവിനെ ദ്വേഷിച്ചും എന്നെഴുതിയിരിക്കുന്നത്. ആ ഭാഗം ശ്രദ്ധിച്ചാൽ നമുക്ക് ഇങ്ങനെ മനസ്സിലാക്കാം: യാക്കോബിന്റെ തലമുറകളും ഏശാവിന്റെ തലമുറകളും ഒരുപോലെ ദൈവത്തോടു പാപം ചെയ്തു. പക്ഷേ യാക്കോബിന്റെ മക്കളോട് ദൈവം ഏശാവിന്റെ മക്കളോടുള്ളതിനേക്കാൾ ദീർഘക്ഷമ കാണിച്ചു. ഏശാവിന്റെ മക്കൾക്ക് ദൈവസ്നേഹം ലഭിക്കയില്ല എന്നു ഇതിനർത്ഥമില്ല. ഭൗതികമായ കാര്യങ്ങളിലാണ് ദൈവം വ്യത്യാസം വച്ചത്.

**ചുരുക്കത്തിൽ:** ദൈവം ഏശാവിനെ ചുമ്മാ വെറുക്കുകയും യാക്കോബിനെ ചുമ്മാ സ്നേഹിക്കുകയും ചെയ്തു എന്നു കാൽവനിസ്റ്റുകൾ പറയുന്നത് ശരിയല്ല. വ്യക്തിപരമായി ദൈവം ഏശാവിനെ സ്നേഹിക്കുക തന്നെയാണ് ചെയ്തത്. അവന്റെ മുമ്പിൽ യാക്കോബ് സാഷ്ടാംഗം വീണ് നമിക്കേണ്ടി വന്നു. യാക്കോബിന്റെ സന്തതികൾക്ക് കനാൻദേശം കൊടുക്കുന്നതിനു മുമ്പ് ഏശാവിന്റെ മക്കൾക്ക് ദൈവം സേയീർപർവതം കൊടുത്തു. അവരെ ആക്രമിക്കരുതെന്ന് ദൈവം കല്പിച്ചു. പക്ഷേ രക്ഷാകരപദ്ധതി യാക്കോബിന്റെ മക്കളിലൂടെ തുടർന്നുവെന്നു മാത്രം. ❍

# ഓരോരോ ജന്മങ്ങള്!

## എംവിഎസ്

5

**5. കൊതുകിനെ അരിച്ചെടുക്കുന്നവർ**

"കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്നു" (മത്തായി 23:24). കർത്താവായ യേശുക്രിസ്തു പറഞ്ഞ വാചകമാണിത്. വലിയ കാര്യങ്ങളെ അവഗണിക്കുകയും അതേ സമയം താരതമ്യേന ചെറിയ കാര്യങ്ങളെ വലിയ മൂല്യത്തോടെ കാണുകയും ചെയ്യുന്ന നേതാക്കന്മാരെ വിമർശിക്കുവാനാണ് കർത്താവ് ഇങ്ങനെ പറഞ്ഞത്.

കൃഷിക്കാരൻ കഷ്ടപ്പെട്ട് പണിതുണ്ടാക്കുന്ന കൃഷി കാട്ടുപന്നികൾ വന്നു നശിപ്പിക്കുന്നത് പതിവാണ്. കർഷകന്റെ അദ്ധ്വാനത്തേക്കാളും കണ്ണീരിനേക്കാളും കാട്ടുപന്നിയുടെ വിശപ്പിനു മൂല്യം കൊടുക്കുന്ന ഇന്നാട്ടിലെ ചില 'മഹാന്മാർ' ഒരു നിയമം എഴുതിയുണ്ടാക്കി - കാട്ടുപന്നിയെ തൊടരുത്. അപ്പോൾ കർഷകരുടെ അദ്ധ്വാനം? അവരുടെ വിശപ്പ്? അതൊന്നും ഇക്കൂട്ടർക്കു വിഷയമല്ല. പന്നിയുടെ നൊമ്പരത്തിനാണ് പ്രാധാന്യം!

അവസാനം കർഷകന്റെ മുറവിളിക്ക് ഫലമുണ്ടായി. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലാൻ 2014 ൽ സർക്കാർ ഉത്തരവിറക്കി. പക്ഷേ ഉത്തരവ് നടപ്പാക്കാൻ പിന്നെയും വൈകി. കാരണം കർഷകന്റെ വിശപ്പും പന്നിയുടെ വിശപ്പും തമ്മിലാണ് ഏറ്റുമുട്ടൽ! പന്നിക്ക് മുൻതൂക്കം ലഭിച്ചതുകൊണ്ടാകാം ഉത്തരവ് നടപ്പാക്കുന്നത് 2020 വരെ നീണ്ടു.

അങ്ങനെ 2020 ൽ ആദ്യമായി ഒരു കാട്ടുപന്നിയെ വെടിവച്ചുകൊന്നു. കാട്ടുപന്നികളുടെ ബന്ധുക്കളായ ചില മനുഷ്യന്മാർക്ക് ഇത് അത്ര സഹിച്ചില്ല. ആ വെടി കൊണ്ടത് പന്നിയുടെ ദേഹത്താണോ അതോ ഇവരുടെ ദേഹത്താണോ എന്നു സംശയിക്കേണ്ട അവസ്ഥയായി. അപ്പോഴാണ് ഒരാൾ ഉപദ്രവകാരിയായ ഒരു കാട്ടുപന്നിയെ വെടിവച്ചുകൊന്ന് അതിന്റെ മേൽ ഒരു കാലുവച്ച് നിന്ന് ഫോട്ടോയ്ക്ക് പോസ് ചെയ്തത്.

തീർന്നു! കാട്ടുപന്നിയുടെ ശവത്തെ അപമാനിച്ചു എന്നു വ്യാഖ്യാനിക്കാൻ ഇന്നാട്ടിൽ ചില പന്നിസ്നേഹികൾ ഉണ്ടായി! ആ കാൽ വച്ചത് പന്നിയുടെ ശവത്തിന്മേലാണെങ്കിലും, വാസ്തവത്തിൽ മറ്റു ചിലരുടെ മേലാണ് വന്ന് പതിച്ചത്. അവർക്ക് സഹിച്ചില്ല. കാട്ടുപന്നിയെ വെടിവയ്ക്കാനുള്ള തീരുമാനം ഉടനെ പിൻവലിച്ചു. ഈ തീരുമാനമെടുത്തവർക്ക് മാസംതോറും ഗവൺമെന്റിൽ നിന്നും ശമ്പളം കിട്ടുന്നവരാണ്. കർഷകന്റെ നൊമ്പരം അവരെങ്ങനെ അറിയാൻ! ഓരോരോ ജന്മങ്ങള്!

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th August 2020

Posted at
Thrissur RMS

**ആനുകാലികം**

## കത്രിക ഫ്രീ!

ഓപ്പറേഷൻ കഴിഞ്ഞ് രോഗിയുടെ ശരീരത്തിൽ ടൂൾസ് മറന്നു വയ്ക്കുന്നതിനെപ്പറ്റിയുള്ള വാർത്തകൾ നാം ഇടക്കിടെ കേൾക്കാറുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലും ഇത്തരമൊരു സംഭവം ഈയിടെ അരങ്ങേറി. പാവം രോഗി! ഓപ്പറേഷൻ വിജയകരമായി കഴിഞ്ഞതിന്റെ ആശ്വാസത്തിൽ നടക്കുമ്പോഴാണ് ഉള്ളിലൊരു കിരുകിരുപ്പ് അനുഭവപ്പെടുന്നത്. വീണ്ടും ഡോക്ടറെ സമീപിക്കുന്നു. എക്സ്റേ എടുക്കുന്നു. ആശ്വാസം. ഇത്തവണ ആശ്വാസമായത് രോഗിക്കോ ഡോക്ടർമാർക്കോ അല്ല, നഴ്സുമാർക്കാണ്. കാരണം കാണാതായ ഒരു കത്രിക കണ്ടെത്തിയിരിക്കുന്നു!

ഇത്രേം ദിവസം എവിടെയൊക്കെ തിരക്കി... ആരോടൊക്കെ അന്വേഷിച്ചു...മേശവലിപ്പിലും അലമാരയിലും കട്ടിലിന്നടിയിലും ഒക്കെ തിരക്കി... ഭർത്താവിന്റെ മീശ വെട്ടാനായി ആരെങ്കിലും വീട്ടിൽ കൊണ്ടുപോയതാകും എന്നു വരെ മനസ്സിൽ പറഞ്ഞവരുണ്ട്. പക്ഷേ സത്യം എക്സ്റേയിലൂടെ തെളിഞ്ഞു. രോഗിയുടെ വയറ്റിൽ ആ കത്രിക ഭദ്രമായി ഇരിപ്പുണ്ട്! അമ്പട കള്ളാ! നീ ഇവിടെ ഉണ്ടായിരുന്നോ! എന്നു ഒരു നഴ്സിന്റെ ആത്മഗതം!

രോഗി ഏതായാലും കേസ് കൊടുത്തു. ഫ്രീ ആയിട്ട് തന്ന കത്രിക തിരിച്ച് എടുത്തതിനല്ല. കത്രിക ഫ്രീ തന്നതിന്! ഒരു കത്രിക ഫ്രീ ആയിട്ട് കൊടുക്കാമെന്നു വച്ചാൽ ഇതാണ് സ്ഥിതി! എന്താലേ? *(ആധാരം: 17-07-2020 ലെ പത്രവാർത്ത)*

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V